**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3799** **27-10-2021 - ൽ മറുപടിയ്ക്ക്**

**ഇരവിപുരം മണ്ഡലത്തിലെ അക്ഷയ കേന്ദ്രങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | ഇരവിപുരം നിയോജക മണ്ഡലത്തിൽ എത്ര അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ; | (എ) | ഇരവിപുരം നിയോജകമണ്ഡലത്തിൽ 8 അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിച്ച് വരുന്നുണ്ട്. കൊല്ലം കോർപ്പറേഷനിൽ അഞ്ചും മയ്യനാട് ഗ്രാമ പഞ്ചായത്തിൽ രണ്ടും, ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിൽ ഒാരോ അക്ഷയകേന്ദ്രവുമാണ് പ്രവർത്തിക്കുന്നത്. |
| (ബി) | പൊതുജനങ്ങൾക്ക് അക്ഷയകേന്ദ്രങ്ങളിലെ സേവനങ്ങളും സേവനനിരക്കുകളും വ്യക്തമായി മനസ്സിലാക്കുന്നതിന് പ്രസ്തുത കേന്ദ്രങ്ങളിൽ ഏകീകൃത പ്രദർശന ബോർഡ് സ്ഥാപിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ബോർഡ് പ്രദർശിപ്പിക്കാത്ത അക്ഷയ കേന്ദ്രങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്. സർവ്വീസ് ചാർജ്ജുകൾ പ്രസ്താവിക്കുന്ന ബോർഡ് പ്രദർശിപ്പിച്ചിട്ടില്ലെങ്കിൽ 5000/- രൂപ പിഴ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. |
| (സി) | ഇരവിപുരം മണ്ഡലത്തിൽ പുതിയ അക്ഷയകേന്ദ്രങ്ങൾ തുടങ്ങണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ? | (സി) | ഇരവിപുരം മണ്ഡലത്തിലെ ഒറ്റപ്ലാമൂട്, പോളയത്തോട്, മൈലാപ്പൂർ, ആല്ലുമ്മൂട് ജംഗ്ഷൻ എന്നീ സ്ഥലങ്ങളിൽ അക്ഷയകേന്ദ്രങ്ങൾ അനുവദിക്കണമെന്നുള്ള അപേക്ഷകൾ അക്ഷയ ജില്ലാ ഓഫീസിൽ പരിശോധിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ